പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6204 08.07.2014-ലെ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റ് സർവ്വീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ

ചോദ്യം

ശ്രീ.എം.എ.വാഹീദ്

ഉത്തരം

ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റ് സർവ്വീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ശമ്പള സ്കെയിൽ എത്രയാണ് ; | (എ) | സെക്രട്ടേറിയറ്റ് സർവ്വീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ശമ്പള സ്കെയിൽ ചുവടെ ചേർക്കും പ്രകാരമാണ്.<br>സി.എ.ഗ്രേഡ്-II -10480-18300<br>സി.എ.ഗ്രേഡ്- I -13900-24040<br>സീനിയർ ഗ്രേഡ് സി.എ-16180-29180<br>സെലക്ഷൻ ഗ്രേഡ് സി.എ-19240-34500 |
| (ബി) | ഇവരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | (ബി) | സെക്രട്ടേറിയറ്റ് സർവ്വീസിലെ സി.എമാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കുമോ ; | (സി) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഡെപ്യൂട്ടി സെക്രട്ടറി മുതൽ മുകളിലേയ്ക്കുള്ള ഓഫീസർക്കാണ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ നിയമിച്ചിരിക്കുന്നത്. ബന്ധപ്പെട്ട ഓഫീസർക്ക് വേണ്ടി ചുരുക്കെഴുത്ത് ജോലിയും ഒപ്പം ഓഫീസർ അതാത് സമയങ്ങളിൽ ഏല്പിക്കുന്ന മറ്റ് ജോലികളും ഇവർ നിർവ്വഹിക്കുന്നു. ഓഫീസർ വഴി ചംക്രമണം ചെയ്യുന്ന ഫയലുകളുടെ വിവരങ്ങൾ ഫോറം.നം.XVൽ എഴുതി തയ്യാറാക്കേണ്ടതും ഓഫീസർക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ട തുമാണ്. ഓഫീസറുടെ അർദ്ധ ഔദ്യോഗിക കത്തുകൾ, രഹസ്യ സ്വഭാവമുള്ള കത്തുകളുടെ അസ്സൽ പകർപ്പുകൾ എന്നിവ തയ്യാറാക്കൽ, ഓഫീസറുടെ കൈവശത്തിലുള്ള റിക്കോർഡുകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുക, ഓഫീസർക്ക് ലഭിക്കുന്ന അറിയിപ്പുകൾക്കനുസൃത മായി ഓഫീസറുടെ സ്വകാര്യ കൈവശത്തിലുള്ള നിയമങ്ങൾ, മാനുവലുകൾ, ചട്ടങ്ങൾ എന്നിവ |

| | | | |
|---|---|---|---|
| | | | കാലാനുസൃതമാക്കുക, ഓഫീസർക്ക് ലഭിക്കുന്ന തപാലുകൾ എത്രയും വേഗം ഓഫീസ് സെക്ഷന് കൈമാറുക എന്നിവയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ ഉത്തരവാദിത്വമാണ്. |
| (ഡി) | അവ മോണിറ്റർ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ? | (ഡി) | സെക്രട്ടേറിയറ്റ് സർവ്വീസിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ സ്ഥിരമായി മോണിട്ടർ ചെയ്യുന്നതിന് നിലവിൽ പൊതുവായ സംവിധാനങ്ങൾ ഒന്നും തന്നെ ഇല്ല. ഇവരുടെ ഔദ്യോഗിക കൃത്യങ്ങൾ നിരീക്ഷിക്കുന്നതും പോരായ്മകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാട്ടേണ്ടതും ആവശ്യമെങ്കിൽ ചട്ടപ്രകാരമുള്ള നടപടികൾക്ക് ശുപാർശ ചെയ്യേണ്ടതും ബന്ധപ്പെട്ട ഓഫീസറാണ്. |

സെക്ഷൻ ഓഫീസർ